**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5280** **12-08-2021 - ൽ മറുപടിയ്ക്ക്**

**ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി എം.എസ്.എം.ഇ. യൂണിറ്റുകളുടെ ഉല്പാദന വികസനത്തിനും നവീകരണത്തിനും ഉതകുന്ന രീതിയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) | കേരളത്തിലും പുറത്തും പ്രവർത്തിക്കുന്ന വിവിധ സാങ്കേതിക/ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലന സഹായങ്ങൾ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ വികസനത്തിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിലും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെനർഷിപ്പ് ഡെവലപ്മെന്റിന്റെ നേതൃത്വത്തിലും ചെയ്തു വരുന്നുണ്ട്. ഇത് കൂടാതെ വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുന്നതിനും സംരംഭകത്വം പരിചയപ്പെടുത്തുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ.ഡി ക്ലബ്ബുകൾ രൂപീകരിച്ചും സഹായം നൽകി വരുന്നുണ്ട്. സർക്കാർ-ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ